അനുഭവം

മിസിസ് മുനാ പണിക്കർ

# ശാന്തിതേടിയ സഹോദരിമാർ

വിശ്വാസം ഉറച്ചിട്ടില്ലാത്ത മനസ്സിലേക്ക് തിങ്ങിക്കയറിവരുന്ന സങ്കീർണ വിചാരങ്ങളുടെ മുൾക്കെട്ടുകളിൽനിന്നും മനസ്സിനെ രക്ഷിച്ചുകൊണ്ടു വരാൻ വിശ്വാസത്തിനുള്ള ശക്തി അപാരമാണ്. സത്യവിശ്വാസത്തിന്റെ പ്രഭയിൽ ഉത്കണ്ഠകളും സംത്രാസങ്ങളും അലിഞ്ഞില്ലാതാകുന്നു. ആമിനയുടെ മുഖത്ത് പടരുന്ന ആനന്ദം ഏതുവഴി വന്നു? സത്യവിശ്വാസത്തിലൂടെയല്ലാതെ യാതൊരു ഭൗതിക പ്രത്യയശാസ്ത്രത്തിലൂടെയും അത് വന്നെത്തുന്നില്ല.

**മനഃശാന്തിക്കും** സമാധാനത്തിനും വേണ്ടി ദാഹിച്ചലയുന്ന മനുഷ്യസഹസ്രങ്ങൾക്കിടയിലൂടെയാണ് നമ്മുടെ ദൈനംദിന സഞ്ചാരം. നൈരാശ്യങ്ങളുടെ, മോഹഭംഗങ്ങളുടെ, ഉത്കണ്ഠകളുടെ, ഭയാശങ്കകളുടെ, ദുഃഖങ്ങളുടെ നെരിപ്പോടുകളാണ് ഓരോ ഹൃദയവും. നമുക്ക് അവരെയോ അവർക്ക് നമ്മെയോ തിരിച്ചറിയാനാകുന്നില്ല. യഥാർഥ മുസ്‌ലിമിന്റെ കൈവശം ശാന്തിയുടെയും സമാധാനത്തിന്റെയും തൂവെളിച്ചം പ്രസരിക്കുന്ന വിശ്വാസത്തിന്റെ കൈത്തിരിയുണ്ട്. ഈ വെളിച്ചം കാണിച്ചുകൊടുക്കാൻ മുസ്‌ലിമിന്നോ, അത് കണ്ടെത്താൻ ഉഴറി നടക്കുന്നവർക്കോ കഴിയാതെ എല്ലാവരും യാത്ര തിരിച്ചേടത്തേക്ക് തന്നെ മടങ്ങിയെത്തുന്നു.

ആലത്തൂരിൽവെച്ച് കണ്ട ചന്ദ്രികയും, ബോംബെയിൽ കണ്ടുമുട്ടിയ പൊടിയുമ്മയും ശാഹുലും ഫിലിപ്പും, ന്യൂദൽഹിയിൽ കണ്ട പൂജാ വാര്യരും ഏലിയാമ്മയും, പൊന്നാനിയിൽ പരിചയപ്പെട്ട രമാ വാര്യരും മുണ്ടൂരിലെ സ്നേഹലതയും ലണ്ടനിലെ വീട്ടുടമയായ ഡെബ്രോയും ജിംജൂവും ഒക്കെ തങ്ങളുടെ അലച്ചലിന്റെ കഥ തുറന്നുകാട്ടിയ നിസ്സഹായാവസ്ഥയിലൂടെ കടന്നുപോയ ഏതാനും സഹോദരിമാർ മാത്രം.

എന്നാൽ ഇസ്‌ലാമിന്റെ യാഥാർഥ്യം ഉൾക്കൊണ്ട ആദ്യ നിമിഷത്തിൽതന്നെ ദൈവിക ദീനിനെ സ്വന്തം ജീവിതത്തിൽ സാക്ഷാത്കരിക്കണമെന്ന് ദൃഢനിശ്ചയം ചെയ്ത അഹ്‌ലയായി മാറിയ ഹർമലിന്റെ, സുമയ്യമാരായി മാറിയ സുമതി-സുമ സോദരിമാർ, അസ്മമാരായി മാറിയ വിജയ - വൈജയന്തി, റഹിമകളായ ലോറ-ലിയോന്തറാ - നൂറമാരായി മാറിയ ജോസഫിൻ - റുവൈന തുടങ്ങിയവരെ ഓർക്കുമ്പോൾ തന്നെ മനസ്സിൽ വസന്തം വിരിയുന്നു. അവിശ്വാസത്തിന്റെ കുപ്പായം ഊരിയെറിയാൻ മടിച്ചുനിന്ന വിജയലക്ഷ്മി പെട്ടെന്ന് വഹീദയായതിന്റെയും യേശു അല്ലാതെ മറ്റൊരു സംരക്ഷകനില്ലെന്ന് ഉറച്ചു വിശ്വസിച്ച ഇസബല്ല ആഇശയായതിന്റെയും വിസ്മയത്തിന് ഇനിയും മങ്ങലേറ്റിട്ടില്ല. ഇരുട്ടു വീഴുമ്പോൾ അതിന്റെ നടുവിൽനിന്ന് തേങ്ങിക്കരയുന്ന മനിലക്കാരി എൾമാ മനസ്സിൽ പാകിയ വേദനയുടെ വിത്തുകൾ ഒരിക്കലും പിഴുതുകളയാനാകുന്നില്ല. അതിലും ശോചനീയമായ കഥകളാണ് ആമിനയായിത്തീർന്ന മരിലോയുടേത്. എത്ര കൗൺസലുകൾ. ഒരാവശ്യം മാത്രം. 'ഇസ്‌ലാം തന്ന് അനുഗ്രഹിച്ച റബ്ബിന് എന്റെ അമ്മയെ ഒരു നോക്ക് കാണിച്ചുതരാൻ കഴിയില്ലേ? രണ്ടര വയസ്സുകാരിയായ എന്നെ അവർ നായ്ക്കൊപ്പം കെട്ടിയിട്ടു. നായ്ക്കിട്ടു കൊടുത്ത ആഹാരം മാത്രമായിരുന്നു എനിക്ക് ശരണം.' നായ കടിച്ച പാടുകൾ, അതിനു പുറമെ വളർത്തച്ഛന്റെ പീഡനം. അവൾ പൊട്ടിക്കരഞ്ഞു.

ആമിനയെ ഞാൻ കണ്ടുമുട്ടുമ്പോൾ അവൾ മുസ്‌ലിമായിരുന്നു. ഇസ്‌ലാം സത്യമതമാണ് എന്നതിലുപരി ഒന്നുംതന്നെ അറിയുമായിരുന്നില്ല. വീട്ടുടമയുമായി സമ്മർ ഹോളിഡേക്കു വന്ന അവൾ ദഅ്‌വാ സെന്ററിന്റെ ബോർഡ് കണ്ടപ്പോൾ ഭർത്താവിനോട് ശാഠ്യം പിടിച്ചു. അങ്ങനെ അവിടെ പഠിക്കാനെത്തുകയായിരുന്നു. ദൈവസ്നേഹത്തെപ്പറ്റി പറയുമ്പോഴൊക്കെ അവൾ വല്ലാതെ കരയുകയായിരുന്നു. എത്രമാത്രം സംസാരിച്ചാലും മതിയാകാതെ പിടിച്ചിരുത്തുമായിരുന്നു. ഒരു ദിവസം അവൾ നിരുദ്ധകണ്ഠയായി സ്വന്തം കഥ പറഞ്ഞു: ഒരു ഇന്ത്യക്കാരനാൽ ഗർഭം ധരിച്ച അവളുടെ മാതാവ്, ചോരകുഞ്ഞിനെ അവൾക്ക് പരിചയമുള്ള ഒരു കുടുംബത്തിന്റെ വീട്ടുമുറ്റത്ത് ഉപേക്ഷിച്ചു കടന്നുകളഞ്ഞു. അവർ രണ്ടര വയസ്സുവരെ ആ കുഞ്ഞിനെ വളർത്തി. പിന്നെ മറ്റൊരു വീട്ടികാർക്ക് കൈമാറി. പട്ടിക്കൂട്ടിലെ കടിയേൽക്കേണ്ടിവന്നത് അവിടെവെച്ചാണ്. കുട്ടിയുടെ വിവരം അന്വേഷിക്കാൻ ചെന്ന വളർത്തമ്മ ദയനീയ സ്ഥിതി കണ്ട് നടുങ്ങി. അവർ കുട്ടിയെ മോചിപ്പിച്ചുകൊണ്ടുവന്നു. പട്ടിക്കൂട്ടിൽ പാർത്ത കുട്ടി അതിനിടയിൽ മാനസിക വിഭ്രാന്തിയിൽ പെട്ടുപോയിരുന്നു. മനുഷ്യശബ്ദം പോലുംകുട്ടിക്ക് പേടിയായിരുന്നു. 'ടോട്ടൽ ഫോബിയ'. എത്ര കഷ്ടപ്പെട്ടാണെങ്കിലും ഈ കുട്ടിയെ വളർത്താൻ തന്നെ തീരുമാനിച്ചു. മരണം അടുത്തപ്പോൾ അവർ അവളെ വിളിച്ചു പറഞ്ഞു: "നീ എന്റെ വളർത്തു പുത്രിയാണ്.'' ഇതുവരെ സഹോദരനായി കണ്ട തന്റെ പുത്രനല്ലാതെ മറ്റാർക്കും അവളെ സംരക്ഷിക്കാൻ കഴിയുമെന്ന് അവർക്കു തോന്നിയിരുന്നില്ല. അയാൾ അവളെ സംരക്ഷിച്ചു. ഒരിക്കലവർ ഒരു തീരുമാനമെടുത്തു, സമാധാനത്തിനുവേണ്ടി ഇസ്‌ലാമിലേക്ക് കയറുക. അങ്ങനെ അയാൾ അബ്ദുർറഹ്‌മാനും അവൾ ആമിനയുമായി മാറി.

ലോകത്തിന്റെ ഏതു കോണിലാണെങ്കിലും പെറ്റമ്മയെ തേടുന്ന അവളുടെ രോദനത്തിനൊരു മറുപടി ലോകരക്ഷിതാവിൽനിന്നുണ്ടാകും- ഇൻശാ അല്ലാഹ്! മൂന്നു മാസങ്ങൾകൊണ്ട് ആമിന നല്ലൊരു വിശ്വാസിനിയായി. വിദ്യാഭ്യാസം, ഉയർന്ന ജോലി എല്ലാം മാഞ്ഞുപോയ സ്വപ്നങ്ങളാണെങ്കിലും ഞാൻ മുസ്‌ലിമാണ് എന്ന ബോധം ഇപ്പോൾ

അവൾക്ക് ബലിഷ്ഠമായ പിടിവള്ളിയാണ്. ഞാനാരെയും ഭയപ്പെടുന്നില്ല. പേടിക്കുന്നില്ല; അല്ലാഹുവിനെയല്ലാതെ. എല്ലാ ദുര്യോഗത്തിലും സ്നേഹം നിറഞ്ഞ ഒരു വളർത്തമ്മ, സഹനം കാണിച്ച ഭർത്താവ് ഇതെല്ലാം അല്ലാഹു തന്നനുഗ്രഹിച്ച വരദാനങ്ങളാണെന്നവൾ വിശ്വസിച്ചുതുടങ്ങി. പരാതികളുടെ കാർമേഘത്തിൽ നിന്നവൾ സ്വന്തം ജീവിതത്തെ മോചിപ്പിച്ചെടുത്ത് സത്യവിശ്വാസത്തിന്റെ വളക്കൂറുള്ള മണ്ണിൽ നട്ടുവളർത്തി. അവളുടെ കുടുംബത്തിൽ സമാധാനം കളിയാടി. അബ്ദുർറഹ്മാൻ ശാന്തനായി ഉറങ്ങാൻ തുടങ്ങി. രുചിയുള്ള ആഹാരം മേശയിൽ നിരന്നു. സ്നേഹമതിയായ ഉമ്മ, അരുമ സന്താനങ്ങൾ, സ്വർഗം വാഗ്ദാനം ചെയ്യുന്ന ഇസ്‌ലാം. ജീവിതത്തിന്റെ ധന്യതയെന്തെന്ന് അവരറിഞ്ഞു.

എങ്കിലും ഉമ്മയെ കാണാനുള്ള മോഹം ഇടക്കെല്ലാം അവളെ മ്ലാനവതിയാക്കും. ഒടുവിൽ അതിനുള്ള ഉത്തരം സ്വയം കണ്ടെത്തി. എല്ലാം അറിയുന്ന റബ്ബ് എന്റെ ആഗ്രഹം സാധിച്ചുതരും- റബ്ബ് ഇഛിച്ചെങ്കിൽ മാത്രം. റബ്ബിന്റെ കരുണയിൽ ആശ്വാസം കണ്ടെത്തുക. റബ്ബിൽ മുറുകെ പിടിക്കുക. ഞാനവളെ ഓർമിപ്പിച്ചു. ജാള്യതയോടു കൂടിയാണെങ്കിലും അവൾ ചിരിച്ചു.

വിശ്വാസം ഉറച്ചിട്ടില്ലാത്ത മനസ്സിലേക്ക് തിങ്ങിക്കയറിവരുന്ന സങ്കീർണ വിചാരങ്ങളുടെ മുൾക്കെട്ടുകളിൽനിന്നും മനസ്സിനെ രക്ഷിച്ചുകൊണ്ടുവരാൻ വിശ്വാസത്തിനുള്ള ശക്തി അപാരമാണ്. സത്യവിശ്വാസത്തിന്റെ പ്രഭയിൽ ഉത്കണ്ഠകളും സംത്രാസങ്ങളും അലിഞ്ഞില്ലാതാകുന്നു. ആമിനയുടെ മുഖത്ത് പടരുന്ന ആനന്ദം ഏതുവഴി വന്നു? സത്യവിശ്വാസത്തിലൂടെയല്ലാതെ യാതൊരു ഭൗതിക പ്രത്യയശാസ്ത്രത്തിലൂടെയും അത് വന്നെത്തുന്നില്ല. പ്രവാചക ശ്രേഷ്ഠന്മാർ നേരിട്ട ഭയം, പീഡനം, ഭീഷണി, ഭർത്സനം ഇതെല്ലാം തരണം ചെയ്യാൻ അല്ലാഹു അരുളിയ പ്രതിവിധികൾ കൂടി മനസ്സിലുറപ്പിച്ചുകൊണ്ടു വേണം പ്രബോധകർ ശാന്തി തേടി വരുന്നവരെ സമീപിക്കാൻ. ഫറവോൻ പ്രഭൃതികളെ കാണാനും റബ്ബിലേക്ക് വിളിക്കാനും മൂസാ(അ)യെ പരിശീലിപ്പിച്ചെടുത്തത് ഒന്ന് പരിശോധിച്ചാൽ എല്ലാത്തരം ടീച്ചിംഗ് മെത്തേഡ്സും മാറിനിൽക്കും. കലിമ ചൊല്ലി കൊടുക്കാനും അനുഷ്ഠാനങ്ങൾ കാണിച്ചുകൊടുക്കാനും മാത്രമുള്ള പരിശീലനമായിരിക്കരുത് പ്രബോധന പരിശീലനം. വിശ്വാസം ദൃഢീകരിക്കാനും ദീനിനെ അനുഭൂതിയാക്കി മാറ്റാനും കഴിയണം. വിശ്വാസത്തിൽനിന്നും ഉത്ഭൂതമാകുന്ന പ്രതീക്ഷ- തവക്കുൽ- ഉണ്ടായിക്കഴിഞ്ഞാൽ എല്ലാ പ്രതിബന്ധങ്ങളും ലഘൂകരിക്കപ്പെടും. മൂസാ(അ), ഇബ്‌റാഹീം(അ), മുഹമ്മദ്(സ) തുടങ്ങിയ പ്രവാചകന്മാർക്ക് പല ഔദാര്യങ്ങളും അല്ലാഹു ചെയ്തു കൊടുക്കുന്നു. മുഹമ്മദ്(സ)നെ ശക്തിപ്പെടുത്താൻ മൂസാ(അ)യുടെ പ്രബോധനരംഗങ്ങൾ വിവരിച്ചുകൊടുക്കുന്നു. കഥകളിലൂടെ പഠിപ്പിക്കുന്ന ലളിതരീതിയല്ല-പഞ്ചേന്ദ്രിയങ്ങളും ഹൃദയവും മനസ്സും കൊണ്ട് തൊട്ടറിയുന്ന അനുഭവങ്ങളാണ് വിവരിച്ചുകൊടുക്കുന്നത്. ഒരുതരം മുഖാമുഖ അധ്യാപനം. ഒരേ കഥ തന്നെ പല മട്ടിൽ വിശുദ്ധ ഖുർആൻ ആവർത്തിച്ച് അവതരിപ്പിക്കുന്നു- ഈ രീതികളിലെല്ലാം ജീവനും ആത്മാവും നിറഞ്ഞു നിൽക്കുന്നു. ആമിനയെ ഭയപ്പാടിൽനിന്ന് രക്ഷിക്കാൻ പല രീതികളും അവലംബിച്ചു. 'അല്ലാഹു കൂടെയുണ്ട്', 'അല്ലാഹുവിന്റെ മേലാണ് വിശ്വാസികൾ ഭരമേൽപിക്കേണ്ടത്'. 'ഉറക്കത്തിലും ഊണിലും അല്ലാഹുവിനെ മാത്രം ആശ്രയിക്കുകയും അവനിൽ ഭരം ഏൽപിക്കുകയും ചെയ്യുക.' നടക്കാൻ പഠിക്കുന്ന ഒരു കുഞ്ഞിന് ഉമ്മ ധൈര്യം നൽകുന്ന രീതിയാണ് ഒടുവിൽ ഏറെ പ്രയോജനകരമാവുക. പിന്നെ ആമിനയുടെ മുമ്പിൽ എല്ലാ വാതായനങ്ങളും തുറക്കപ്പെട്ടു. കടിച്ചുകീറുന്ന നായ്ക്കളും ക്രൂരനായ വളർത്തച്ഛനും ഏതോ പാതാളത്തിലേക്ക് ഉൾവലിഞ്ഞു.

വിജിയെന്നു വിളിച്ചിരുന്ന വഹീദ, അല്ലാഹു ഏകനാണെന്ന് പറയുന്നത് അതിനികൃഷ്ഠമായ പാപമായി എണ്ണി മർദനങ്ങളഴിച്ചുവിടുന്ന മനുഷ്യരെ കണ്ട് ഓടി ഒളിച്ചില്ല. അവൾ ധൈര്യമായി നടന്നു. പീഡനങ്ങളുടെ കൊടുംചൂടിൽ അൽപം തണൽ ലഭിച്ചേടത്ത് തലയണച്ചു. ഒരിക്കൽ ഹോസ്റ്റൽ ബസ്സിലേക്ക് വന്ന വിജി എന്റെ തോളിൽ തല ചായ്ച്ചിരുന്നുറങ്ങി. മൈഗ്രെയിന്റെ കാഠിന്യം കൊണ്ട് അവൾ എന്റെ മുറിയിൽ വന്നു കിടന്നു. അന്നത്തെ സായാഹ്നത്തിലെ ഞങ്ങളുടെ മതചർച്ച വിജിയുടെ ജീവിത വീക്ഷണത്തിൽ മാറ്റത്തിന്റെ വിത്തുവിതച്ചു. താമസിയാതെ വിജി സത്യത്തിലേക്ക് നടന്നുകയറിയത് ആർക്കും ദഹിച്ചില്ല. ആരോപണങ്ങളുടെ കൂരമ്പുകൾ തുടരെത്തുടരെ അവളുടെ നേരെ വന്നു. ഇനിയും പിടിച്ചുനിൽക്കാൻ കഴിയില്ലെന്നായപ്പോൾ വിജി നാട്ടിലേക്ക് തിരിച്ചു. എയർപോർട്ടിൽ വെച്ചുതന്നെ പീഡനം തുടങ്ങി. അവളുടെ പാസ്പോർട്ട് കരിച്ചുകളഞ്ഞു. വീട്ടിൽനിന്ന് പുറത്താക്കപ്പെട്ടു. ഒരു രാത്രിയിൽ ഗേറ്റിനു പുറത്തേക്ക് തള്ളപ്പെട്ട വിജി സ്വന്തം മാതാവിന്റെ ഗൃഹത്തിലേക്ക് തിരിച്ചു. അവർ അവളെ സ്വീകരിച്ചു. മുസ്‌ലിമായി തന്നെ ജീവിച്ചു മരിക്കണമെന്നുറച്ച വിജി സുഊദിയിൽ തന്നെ തിരിച്ചെത്തി. അവിടെ അവൾ പരിത്യക്തയും ഒറ്റപ്പെട്ടവളുമായിരുന്നു. ഞങ്ങൾ ഫോണിലൂടെ ബന്ധപ്പെട്ടു. ഒറ്റപ്പെട്ട ജീവിതത്തിനു അറുതിയായി ഉമർ എത്തി. അവർ വിവാഹിതരായി. ബ്രാഹ്മണ സ്ത്രീയായ വിജി മുസ്‌ലിമായാൽ ലോകം ഇടിഞ്ഞുപൊളിയുമെന്നു വിശ്വസിച്ച അവളുടെ ആദ്യ ഭർത്താവ് സുഊദി ഗവൺമെന്റിലേക്ക് എഴുതി: "വിജി ആർ.എസ്.എസുകാരിയാണ്. മുസ്‌ലിംകളുടെ രഹസ്യം ചോർത്താൻ വേണ്ടി മുസ്‌ലിംവേഷം കെട്ടിയതാണ്." പക്ഷേ, വിജിയെ സത്യവിശ്വാസത്തിൽനിന്ന് തിരിച്ചുകൊണ്ടുവരാനുള്ള ഒരു ശ്രമവും വിജയിച്ചില്ല.

ഉമർ മലയാളിയാണ്. വിജി സ്വന്തം മാതാവിനെ അകമഴിഞ്ഞു സഹായിച്ചു. നീ ഏതു മതം സ്വീകരിച്ചാലും എനിക്ക് പ്രശ്നമല്ല. നിന്നെ എന്റെ മകളല്ലാതാക്കാൻ ആർക്കും കഴിയില്ല. ജീവിതത്തെ കളിയും തമാശയും മാത്രമായി കണ്ടിരുന്ന വിജി, പണവും ബ്രാഹ്മണ മേധാവിത്വവും മതി ഉന്നതിക്ക് എന്ന് വിശ്വസിച്ചിരുന്ന വിജി, ഇസ്‌ലാമിലൂടെ ജീവിതത്തിന്റെ അർഥവും ലക്ഷ്യവും പഠിച്ചു. നിന്ദയെയും പരിഹാസത്തെയും നേരിട്ടു. സഹനത്തിന്റെ പിടിവള്ളിയിൽ കൈകൾ മുറുക്കി. അല്ലാഹു എന്ന പരമ സത്യത്തിലുള്ള ദൃഢവിശ്വാസം തന്നെയാണ് യഥാർഥ മനഃസമാധാനവും ആനന്ദവുമെന്ന് അവളറിഞ്ഞു. പിന്നെ കഠിനമായ ജോലികളൊന്നും അവളെ തളർത്തിയില്ല. ഫിസിയോ തെറാപിസ്റ്റായ വിജിയുടെ വേതനം പോലും അത്ര ആകർഷകമൊന്നുമായിരുന്നില്ല. മനസ്സിൽ നിറഞ്ഞുനിന്ന ദൈവവിചാരം അവളെ ധന്യയാക്കി സംതൃപ്തയാക്കി. "അറിയുവിൻ, ദൈവസ്മരണയാലത്രെ ഹൃദയങ്ങൾ ശാന്തമാകുന്നത്" എന്ന ഖുർആൻ വാക്യം എത്ര അന്വർഥം! ■